
June – Oct
2021-22

# പാദമുദ്രകൾ

| ജൂൺ-ഒക്ടോബർ ലക്കം | ഗവൺമെൻറ്, മോഡൽ എച്ച്.എസ്.എസ് വെങ്ങാനൂർ |

## ഓൺലൈനായി പ്രവേശനോത്സവം

കൊവിഡ് വ്യാപന പശ്ചാത്തലത്തിൽ, ജൂൺ 1 പ്രവേശനോത്സവം ഓൺലൈൻ ആയി സംഘടിപ്പിച്ചു. ക്ലാസ്സ് വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെ പ്രിൻസിപ്പൽ ശ്രീമതി. ബീന ടി. എസ് , ഹെഡ്മിസ്ട്രസ് ശ്രീമതി.ബി കെ കല ,പി റ്റി എ പ്രസിഡൻറ് എന്നിവർ കുട്ടികൾക്ക് ആശംസകൾ നേർന്നു.




അതത് ക്ലാസ്സധ്യാപകർ, പുതിയതായി പ്രവേശനം നേടിയ മുഴുവൻ കുട്ടികളെയും അവരുടെ രക്ഷിതാക്കളെയും നേരിട്ടു വിളിച്ച് പരിചയപ്പെടുകയും ഗ്രൂപ്പിലൂടെ കുട്ടികൾ പരസ്പരം പരിചയപ്പെടുകയും ചെയ്തു. ബഹു .വിദ്യാഭ്യാസ മന്ത്രിയുടെ സന്ദേശം ക്ലാസ്സ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലേക്ക് എത്തിച്ചു. ഓൺലൈൻ പഠനത്തിലേക്ക് കുട്ടികളുടെ ശ്രദ്ധ തിരിക്കാൻ തുടക്കം മുതൽ ശ്രമിച്ചിരുന്നു.

## പ്രകൃതീശ്വരീ... വരദായിനീ

**ജൂൺ 5:** ലോക പരിസ്ഥിതി ദിനം

ഈ മഹാമാരിക്കാലത്തും 2021 - ജൂൺ 5 ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഓൺലൈൻ അസംബ്ലി നടത്തുകയുണ്ടായി. 'വനങ്ങൾ പ്രകൃതിയുടെ സമ്പത്താണെന്നും, വൃക്ഷങ്ങൾ നടുന്നതിലൂടെ ഭൗമോന്തരീക്ഷത്തിലെ താപനില കുറയ്ക്കാമെന്നും, മരം ഒരു വരമാണെന്നുമുള്ള സന്ദേശം കുട്ടികളിലെത്തിക്കാനും സ്വന്തം വീട്ടിൽ വൃക്ഷ തൈകൾ നടുവാനുള്ള നിർദ്ദേശങ്ങൾ ഓൺലൈൻ അസംബ്ലിയിലൂടെ കുട്ടികൾക്ക് നൽകുകയും ചെയ്തു. പോസ്റ്റർ നിർമ്മാണം, വൃക്ഷ തൈ നടീൽ, പരിസ്ഥിതി ദിന സന്ദേശങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ വീടുകളിൽ ചെയ്യാനുള്ള നിർദ്ദേശങ്ങൾ കുട്ടികൾക്ക് കൊടുക്കുകയും ചെയ്തു.

## അന്താരാഷ്ട്ര യോഗാ ദിനം



ആയുരാരോഗ്യത്തിന് സമാനതകളില്ലാത്ത വെല്ലുവിളികൾ നേരിടുന്ന കാലഘട്ടത്തിൽ ജീവിക്കുന്ന സാഹചര്യത്തിൽ ശരീരത്തിനും മനസിനും ശ്വാസത്തിനും കരുത്ത് പ്രദാനം ചെയ്യുന്ന ഭാരതീയ പൈതൃകത്തിൻറെ അമൂല്യ സമ്പത്തായ യോഗ എന്ന ആരോഗ്യ ജീവിതചര്യ വരും തലമുറയ്ക്ക് പരിചയപ്പെടുത്തുവാൻ ലഭിച്ച സുവർണ്ണാവസരമായാണ് ജൂൺ 21 നെ വെങ്ങാനൂർ ഗവ: മോഡൽ ഹയർ സെക്കൻററി വിദ്യാലയത്തിലെ അധ്യാപകരും പി.റ്റി.എ യും പരിഗണിച്ചത്. അതു കൊണ്ടു തന്നെ പരമ്പരാഗതവും ലളിതവും ശിശു സൗഹൃദവുമായ രീതിയിൽ കുട്ടികൾക്ക് യോഗ പരിചയപ്പെടുത്തുന്നതിനായി ചരിത്ര മാളിക ഡയറക്ടർ ശ്രീ. അഭിലാഷ് സാറിൻറെ സേവനം ഉറപ്പാക്കുകയായിരുന്നു. കുട്ടികൾക്ക് വിദ്യാലയത്തിൽ എത്താൻ കഴിയാതിരുന്ന സാഹചര്യത്തിൽ ഓൺലൈൻ സംവിധാനത്തിലൂടെയാണ് ക്ലാസുകൾ കൈകാര്യം ചെയ്തത്. വളരെ ലളിതമായ രീതിയിൽ നിത്യജീവിതത്തിൽ നമുക്ക് എങ്ങനെ യോഗ ശീലിക്കാം എന്ന് മാതൃക ചെയ്തു കാണിച്ച് അഭിലാഷ് സാർ പരിചയപ്പെടുത്തുകയുണ്ടായി. പ്രിൻസിപ്പൽ ശ്രീമതി ബീന ടീച്ചർ , മുതിർന്ന അധ്യാപകൻ ശ്രീമാൻ എൽ.സുരേഷ് സാർ , അധ്യാപക സമിതി കാര്യദർശി ശ്രീമാൻ .കെ.സുരേഷ് കുമാർ സാർ , പി.റ്റി.എ. പ്രസിഡൻറ് ശ്രീമാൻ പ്രവീൺ. , മറ്റ് അധ്യാപകർ , രക്ഷിതാക്കൾ തുടങ്ങിയവർ പങ്കെടുത്തു. വിദ്യാലയത്തിലെ മൂന്നാം ക്ലാസ് വിദ്യാർത്ഥിയായ ഋഷികേശ് ആദിത്യ പെരുമാൾ നാടാർ എന്ന വിദ്യാർത്ഥി അഭിലാഷ് സാറിൻറെ സഹായിയായി യോഗ അവതരിപ്പിച്ചു.

## കഥയുടെ സുൽത്താൻ

ജൂലൈ 5.

ബഷീർ ചരമദിനമായ ജൂലൈ 5 ന് ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസ്സ് ഗ്രൂപ്പുകളിൽ വിവിധ പരിപാടികൾ നടന്നു. കുട്ടികൾ ബഷീർ വേഷത്തിലും , ബഷീറിൻറെ കഥാപാത്രങ്ങളായും വേഷം കെട്ടി അഭിനയിച്ച വീഡിയോകൾ ഗ്രൂപ്പുകളിൽ പങ്കു വയ്ക്കു. എൽപി, യുപി, എച്ച് എസ് തലങ്ങളിൽ ബഷീർ ദിന ക്വിസ് ഓൺലൈനായിസംഘടിപ്പിച്ചു. ബഷീർ പുസ്തകങ്ങളുടെ വായനക്കുറിപ്പ് കുട്ടികൾ തയ്യാറാക്കി.

## വായന മരിക്കുന്നില്ല

ഭാഷാവാരാചരണത്തോടനുബന്ധിച്ച് വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നിരവധി പ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ യുടെ ആഭിമുഖ്യത്തിൽ ഒരാഴ്ചക്കാലം നീണ്ടുനിന്ന ഭാഷാവാരാചരണം ഓൺലൈനായി സംഘടിപ്പിച്ചു . ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ വാരാചരണത്തിൻ്റെ ഉദ്ഘാടനം നിർവഹിച്ചു .എൽ പി വിഭാഗത്തിലെ കൂട്ടുകാരുടെ മധുരം മലയാളം എന്ന ആദ്യ ദിന പരിപാടിയിൽ ബി ആർ സി ട്രെയിനർ ശ്രീമതി ദീപ കുട്ടികൾക്കായി ക്ലാസ്സെടുത്തു .രണ്ടാം ദിനം കണ്ണൂർ ചെറുകുന്ന് യുപി സ്കൂൾ അധ്യാപകനും തെയ്യം കലാകാരനുമായ ശ്രീ സുമേഷ് മേളം എന്ന പ്രോഗ്രാം അതിവിദഗ്ധമായി ആയി കൈകാര്യം ചെയ്തു. അടുത്ത ദിവസം നടന്ന മലയാള ചൊല്ലിൽ വീരണകാവ് സ്കൂളിലെ അധ്യാപകനായ സുരേഷ് കുമാർ ശ്രീ.നാടൻ പാട്ടുകൾ അവതരിപ്പിച്ചു . എൽപി യുപി എച്ച്എസ് വിഭാഗങ്ങളിലായി ആയി നടന്ന സാഹിത്യ പ്രശ്നോത്തരിയായിരുന്നു അടുത്ത ദിവസത്തെ പ്രധാന ഇനം. ആറാം ദിനത്തിലെ കൈരളി രാഗത്തിൽ കവിത ക്ലാസ് കൈകാര്യം ചെയ്തത് പ്രശസ്ത കവിയായ ശ്രീ സതീഷ് കിടാരക്കുഴി ആയിരുന്നു .സമാപന സമ്മേളനത്തിൽ ഇതിൽ ബിപിസി അനീഷ് സാർ പങ്കെടുത്തു . വൈവിധ്യമാർന്ന ഭാഷ മേഖലകളിലൂടെ കടന്നുപോയ ഒരാഴ്ചക്കാലം ആയിരുന്നു ഇത്. അതോടൊപ്പം ഉപന്യാസം , കഥ, കവിത, പുസ്തകാസ്വാദനം മത്സരങ്ങളും സംഘടിപ്പിച്ചു. കുട്ടികൾ വീടുകളിൽ തയ്യാറാക്കിയ ആക്കിയ വായനമരം ശ്രദ്ധേയമായ പ്രവർത്തനമായിരുന്നു പുസ്തകങ്ങളുടെ എഴുത്തുകാരുടെയും പേരുകളും അവരുടെ പ്രസിദ്ധമായ വരികളും അടങ്ങിയ കാടുകൾ കാർഡുകൾ മുറ്റത്തെ മരത്തിലോ ചെടി ചെടിയിൽ ഓഹോ എഴുതി തൂക്കി ആകർഷകമാക്കി ആക്കി സ്കൂൾ ഗ്രൂപ്പുകളിൽ ഇതിൽ പോസ്റ്റ് ചെയ്തു .ഇത്തരത്തിൽ ലോക് ഡൗൺ കാലത്തെ വായനവാരം കുട്ടികൾക്ക് അവിസ്മരണീയമായി.

## അമ്പിളിയമ്മാവാ താമരക്കുമ്പിളിലെന്തുണ്ട്?

ജൂലൈ 21-ചാന്ദ്രദിനം
സയൻസ്, ആർട്ട്സ്, വിദ്യാരംഗം ക്ലബ്ബുകളിലെ കൂട്ടുകാർ ചാന്ദ്രദിനം ആഘോഷിച്ചതിൻ്റെ വീഡിയോകളും ഫോട്ടോയും കൊണ്ട് ഗ്രൂപ്പുകൾ നിറഞ്ഞു. ചന്ദ്രനെക്കുറിച്ചുള്ള പാട്ടുകൾ ആലപിക്കുകയും, ചന്ദ്രൻ്റെ സവിശേഷതകളെക്കുറിച്ചുള്ള പ്രസംഗം, ചിത്രം, പോസ്റ്ററുകൾ, കൊളാഷ്, എന്നിവ കുട്ടികൾ ചെയ്തു. സയൻസ് ക്ലബ്ബ് ചാന്ദ്രദിന ക്വിസ് ഓൺലൈനിൽ സംഘടിപ്പിച്ചു.

## പ്രകൃതി സംരക്ഷണം മാലിന്യ

നിർമാർജനത്തിലൂടെ
സ്കൂളും പരിസരവും മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സ്കൂളിന്റെ വിവിധ ബ്ലോക്കുകളിൽ വേസ്റ്റ് ബിന്നുകൾ ജൂലൈ 30 ന് ക്രമീകരിച്ചു. മൂന്നു വ്യത്യസ്ത തരത്തിലുള്ള ബിന്നുകളാണ് ക്രമീകരിച്ചിട്ടുള്ളത്. പച്ച നിറത്തിലുള്ള ബിന്നിൽ ജൈവ മാലിന്യങ്ങളും നീല നിറത്തിലുള്ള ബിന്നിൽ പ്ലാസ്റ്റിക് മാലിന്യങ്ങളും മഞ്ഞ ബിന്നിൽ പേപ്പറുകളും ഗ്ലാസ് മാലിന്യങ്ങളും നിക്ഷേപിക്കുന്നു. മാലിന്യ നിർമാർജനത്തിലൂടെ പ്രകൃതിയെസംരക്ഷിക്കുക എന്നതാണ് പ്രസ്തുത പ്രവർത്തനത്തിലൂടെ പരിസ്ഥിതി ക്ലബ് ലക്ഷ്യമിടുന്നത്.

### ഇനിയൊരു യുദ്ധം വേണ്ടേ വേണ്ട

ആഗസ്റ്റ് 6 ഹിരോഷിമാ ദിനവും ആഗസ്റ്റ് 9 നാഗസാക്കി ദിനവും സോഷ്യൽ സയൻസ് ക്ലബ്ബിൻ്റെ നേതൃത്വത്തിൽ ആചരിച്ചു. യുദ്ധവിരുദ്ധ പോസ്റ്ററുകൾ, ചിത്രങ്ങൾ, സമാധാന സന്ദേശങ്ങൾ,എന്നിവ ഗ്രൂപ്പുകളിൽ നിറഞ്ഞു. ക്ലബ്ബിൻ്റെ നേതൃത്വത്തിൽ ഓൺലൈൻ അസംബ്ലി സംഘടിപ്പിച്ചു. സയൻസ് ക്ലബ്ബ് ,വിദ്യാരംഗം എന്നിവയുടെ നേതൃത്വത്തിലും യുദ്ധവിരുദ്ധ പരിപാടികൾ സംഘടിപ്പിച്ചു.

### അമൃതോത്സവം

കൊളോണിയൽ വാഴ്ചയിൽ നിന്നും സ്വാതന്ത്ര്യം നേടിയതിൻ്റെ 75 വർഷം പൂർത്തിയാകുന്ന വേളയിൽ, ഭാരതം മുഴുവൻ സ്വാതന്ത്ര്യ സമര ചരിത്രത്തിൻ്റെ യഥാർത്ഥ അവബോധമുണ്ടാകുന്നതിനായി, അമൃതോത്സവം സംഘടിപ്പിച്ചു. അതിനോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് നമ്മുടെ കുട്ടികളും വീടുകളിൽ വിളക്കുകൾ കൊളുത്തി. ഈ ദൃശ്യങ്ങൾ ക്ലാസ്സ് ഗ്രൂപ്പുകളിൽ സ്വാതന്ത്ര്യവെളിച്ചം വിതറി.

### സ്വാതന്ത്ര്യം തന്നെ അമൃതം

ആഗസ്റ്റ് 15.
സ്വാതന്ത്ര്യ ദിനാഘോഷം ഭംഗിയായി സ്കൂളിൽ സംഘടിപ്പിച്ചു. സ്റ്റുഡൻ്റ് പോലീസ് കേഡറ്റ് കുട്ടികൾ നേതൃത്വം നല്കി. പ്രിൻസിപ്പൽ പതാകയുയർത്തി. ഹെഡ്മിസ്ട്രസ്, പി റ്റി എ പ്രസിഡൻ്റ്, സീനിയർ അസിസ്റ്റൻ്റ് എന്നിവർ ,ആശംസിച്ചു. സോഷ്യൽ സയൻസ് ക്ലബ്ബിൻ്റെ നേതൃത്വത്തിൽ ഓൺലൈനായി സ്വാതന്ത്ര്യ ദിന പരിപാടികൾ നടത്തി.ക്ലാസ്സ് ഗ്രൂപ്പുകൾ വഴിയും സ്വാതന്ത്ര്യ ദിന പരിപാടികൾ നടന്നു. സ്വതന്ത്ര്യ ദിന ക്വിസ്സും സംഘടിപ്പിച്ചു.

# പൊന്നിൻ ചിങ്ങം വന്നു പിറന്നേ

ചിങ്ങം 1 - കർഷക ദിനം

ചിങ്ങപ്പാട്ടുകളും, പുടവയും, മലയാളത്തനിമയും ഉൾക്കൊണ്ടു കൊണ്ടുള്ള പരിപാടികൾക്ക് കാർഷിക ക്ലബ്ബ് നേതൃത്വം നല്കി. കോ വിഡ് മാനദണ്ഡമനുസരിച്ച്,സ്കൂൾ ആഡിറ്റോറിയത്തിൽ വച്ച് നാട്ടിലെ കർഷകരെ ആദരിച്ചു. അധ്യാപകരും ചുരുക്കം കുട്ടികളും പങ്കെടുത്തു. മലയാളി മനസ്സിൽ ഗൃഹാതുരത്വമുണർത്തുന്ന ഓണക്കാലം, ഈ അടച്ചിരുപ്പ് സമയത്തിലും കുട്ടികൾ കുടുംബത്തോടൊപ്പം ആഘോഷിക്കുന്ന ഫോട്ടോയും വീഡിയോയും ഗ്രൂപ്പുകളിൽ ഷെയർ ചെയ്യത് ഏറെ കൗതുകകരമായിരുന്നു. വീട്ടുമുറ്റങ്ങളിൽ നിറഞ്ഞ പൂക്കളത്തിൻ്റെ സുഗന്ധം സ്കൂൾ ഗ്രൂപ്പുകളിലും പടർന്നു.കേരളീയ വേഷത്തിൽ മങ്കമാർ അണിഞ്ഞൊരുങ്ങിയ ചിത്രങ്ങളും സുന്ദരമായ ഓണക്കാലത്തിൻ്റെ സ്മരണയുയർത്തി. ഓണസദ്യ, ഊഞ്ഞാൽ, ഓണക്കളി എന്നിവയുടെ ദൃശ്യങ്ങളും കുട്ടികൾ പങ്കുവച്ചു. ലോകത്തിനി എന്തു സംഭവിച്ചാലും ശരി, മലയാളി ഉള്ളിടത്തൊക്കെ ഓണവുമുണ്ടാകുമെന്നതിൽ തർക്കമില്ലെന്ന്, ഈ ലോക് ഡൗൺ ഓണം തെളിയിച്ചു.

## ഔഷധത്തോട്ട നിർമാണത്തിൽ ചുവടുവെച്ച്

ഔഷധസസ്യങ്ങളുടെ പ്രാധാന്യം, ഉപയോഗം, അവയുടെ പരിചരണം എന്നിവയെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ ഉണ്ടാക്കുന്നതിനായി സ്കൂളിൽ ഇക്കോക്ലബ്ബിന്റെ നേതൃത്വത്തിൽ ജൂലൈ 12 ന് ഔഷധ സസ്യത്തോട്ട നിർമ്മാണത്തിൽ പുത്തൻ ചുവടുവച്ച് ഗവ. മോഡൽ എച്ച് എസ് എസ് മാതൃകയായി. നീല അമരി, അഗത്തി ചീര, അയ്യമ്പന, മല ഓരില, വാതം കൊല്ലി, അങ്കോലം, കരളകം, ഇരുവേലി, മഞ്ഞറൊട്ടി, മുഞ്ഞ, ചെത്തികൊടുവേലി, നാഗമല്ലി, കേശവർദ്ധിനി തുടങ്ങിയ ചെടികൾ ഔഷധത്തോട്ടത്തിൽ നട്ടു പിടിപ്പിച്ചു.

# മണ്ണിര കമ്പോസ്റ്റ് നിർമാണം

ജൈവമാലിന്യങ്ങൾ സ്കൂൾ വളപ്പിൽ നിന്ന് നീക്കം ചെയ്യുന്നതിനും ഇത്തരം മാലിന്യങ്ങളെ വളമാക്കുന്നതിനും അതിനെ കൃഷിക്കുപയോഗിക്കുന്നതിനുമായി ഇക്കോക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂളിൽ മണ്ണിരകമ്പോസ്റ്റ് പിറ്റ് സ്ഥാപിച്ചു .സ്കൂളിലെ ജൈവമാലിന്യങ്ങളെ വളമാക്കാനും അത് കൃഷിക്കുപയോഗിക്കാനും സാധിക്കുന്ന രീതിയിലാണ് ഇതിന്റെ നിർമ്മാണം

## ജൈവപച്ചക്കറിത്തോട്ടമൊരുക്കി

മോഡൽ എച്ച് എസ് എസ്
വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് കൃഷി ഭവന്റെ സഹകരണത്തോടുകൂടി ഗവ.മോഡൽ എച്ച് എസ് എസ് വെങ്ങാനൂർ സ്കൂൾ മട്ടുപ്പാവിൽ പച്ചക്കറിത്തോട്ടം സജ്ജീകരിച്ചു. ജൈവകൃഷി രീതിയെകുറിച്ചും കീടനാശിനി മുക്ത ഭക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ ഇതിലൂടെ സാധിച്ചു. ഇക്കോക്ലബും കാർഷികക്ലബും സംയുക്തമായി സ്കൂൾ പച്ചക്കറിത്തോട്ടം നിർമ്മാണ പദ്ധതിക്ക് മേൽനോട്ടം വഹിക്കുന്നത്

# ദേശിയ കായിക ദിനാഘോഷം

ഓഗസ്റ്റ് 29, ദേശിയ കായിക ദിനം - ഹോക്കി മന്ത്രികനായ ധ്യാൻചന്ദിന്റെ ജന്മദിനമാണ് ദേശീയ കായിക ദിനമായി ആചരിച്ചുവരുന്നത്. സ്പോർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ദേശീയ കായിക ദിനം വിവിധ പരിപാടികളിലൂടെ മികവുറ്റതാക്കിതീർത്തു. ദേശീയ കായിക ദിനാഘോഷത്തിന്റെ സ്കൂൾ തല ഉദ്ഘാടനം, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഫിസിക്കൽ എജുക്കേഷൻ ഡിപ്പാർട്ട്മെന്റ് ഹെഡും അസോസിയേറ്റ് പ്രൊഫസറുമായ ഡോക്ടർ. കുഞ്ഞിക്കണ്ണൻ സാർ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനചടങ്ങിൽ കുട്ടികളും അധ്യാപകരും ഉൾപ്പെടെ നിരവധി പേർ പങ്കെടുത്തു. ഹോക്കി മാന്ത്രികനായ ധ്യാൻ ചന്ദിനെ പറ്റിയുള്ള അനുസ്മരണം ഒമ്പതാം ക്ലാസിലെ കാർത്തിക് നടത്തുകയുണ്ടായി. തുടർന്ന് കോവിഡ് മഹാമാരിയുടെ കാലത്ത് കായിക പ്രവർത്തനങ്ങളുടെ ആവശ്യകതയെ പറ്റിയുള്ള വിശദമായ ഒരു പ്രഭാഷണവും കുഞ്ഞിക്കണ്ണൻ സാർ നടത്തി.